സ്ഥാപിതം 1964

# സ്വതന്ത്രമണ്ഡപം

Independent Daily

പൂത്തോൾ, തൃശൂർ – 680004

സ്വതന്ത്രമണ്ഡപം
പത്രത്തിന്റെ
ഓൺലൈൻസന്ദർശിക്കുക
Visit
Swathanthra Mandapam Online
www.swathanthramandapam.com

## സി.പി.എം തീവ്രവാദ സംഘടനയാണോ: സതീശൻ

തിരു: പെരിയയിൽ രണ്ട് യൂത്ത് കോൺഗ്രസ് പ്രവർത്തകരെ കൊലപ്പെടുത്തിയ കേസിൽ ശിക്ഷിക്കപ്പെട്ട സി.പി.എം നേതാക്കളെ മുദ്രാവാക്യം വിളിച്ച് സ്വീകരിച്ചതിനെ രൂക്ഷമായി വിമർശിച്ച് പ്രതിപക്ഷ നേതാവ് വി.ഡി സതീശൻ. രണ്ട് കുഞ്ഞുങ്ങളെ ക്രൂരമായി കൊന്ന കേസിൽ ഇരട്ട ജീവപര്യന്തം ശിക്ഷ കിട്ടിയ ക്രിമിനലുകളെ മുദ്രാവാക്യം വിളിച്ച് സ്വീകരിക്കുന്ന കമ്യൂണിസ്റ്റ് പാർട്ടി തീവ്രവാദ സംഘടനയാണോ എന്ന് പ്രതിപക്ഷ നേതാവ് ചോദിച്ചു.

സംസ്ഥാനം ഭരിക്കുന്ന പാർട്ടി വളർന്നു വരുന്ന തലമുറക്ക് എന്ത് സന്ദേശമാണ് നൽകുന്നത്? ഇതുപോലെ ചെയ്താലും പാർട്ടി നിങ്ങൾക്ക് ഒപ്പമുണ്ടെന്ന സന്ദേശമല്ലേ? കൊലക്കേസിൽ ശിക്ഷിക്കപ്പെട്ടവരെയാണ് പാർട്ടി നേതാക്കൾ ജയിലിന് മുന്നിൽ മുദ്രാവാക്യം വിളിച്ച് സ്വീകരിക്കുന്നതും ജയിലിൽ എത്തി ആശ്വസിപ്പിക്കുന്നതും.

www.swathanthramandapam.com | വാല്യം: 59 | ലക്കം: 235 | 2025 ജനുവരി 09 വ്യാഴം | പേജ്: 2 | വില: 1 രൂപ | PHONE: 2384127, 2384558 | E-mail: smdaily03@yahoo.co.in

## ലോസ് ആഞ്ജലിസിലെ കാട്ടുതീ: 5 മരണം; ഹോളിവുഡ് താരങ്ങളുടെ വീടുകൾ കത്തിനശിച്ചു

ലോസ് ആഞ്ജലിസ്: യുഎസിലെ ലോസ് ആഞ്ജലിസിൽ ചൊവ്വാഴ്ചമുതൽ പടരുന്ന കാട്ടുതീ നിയന്ത്രണാതീതമായി തുടരുന്നതിനിടെ ഇതുവരെ മരിച്ചവരുടെ എണ്ണം അഞ്ചായി. മരണസംഖ്യയും ഇനിയും ഉയരുമെന്ന് അധികൃതർ അറിയിച്ചു. ഒട്ടേറെ ഹോളിവുഡ് താരങ്ങൾ താമസിക്കുന്ന ഹോളിവുഡ് ഹിൽസിൽ സൺസെറ്റ് ഫയർ എന്ന് പേരിട്ടിരിക്കുന്ന പുതിയ തീപ്പിടിത്തംവ്യാപക നാശനഷ്ടമുണ്ടാക്കിയതായാണ് വിവരം. താരങ്ങളുടെ വീടുകൾ കത്തിനശിച്ചിട്ടുണ്ട്. പ്രദേശത്തെ വീടുകളിൽനിന്ന് ഒഴിഞ്ഞുപോകാൻ അധികൃതർ ഉത്തരവിട്ടിട്ടുണ്ട്. നിർബന്ധിത ഒഴിപ്പിക്കലും ഇവിടെ നടത്തുന്നുണ്ടെന്നാണ് വിവരം. അടുത്തിടെ വിവാഹിതരായ അഭിനേതാക്കളായ ലെയ്ടൺ മീസ്റ്ററുടെയും ആദം ബ്രോഡിയുടെയും വീടടക്കം കത്തിനശിച്ചിട്ടുണ്ട്.

അഗ്നിരക്ഷാസേനാംഗങ്ങളുൾപ്പെടെ ഒട്ടേറെപ്പേർക്ക് ഗുരുതര പൊള്ളലേറ്റു. വീടുകളുൾപ്പെടെ ആയിരത്തിലേറെ കെട്ടിടങ്ങൾ കത്തിനശിച്ചു. 2.2 ലക്ഷം വീടുകളിൽ വൈദ്യുതി നിലച്ചു. നഗരത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്ന് മുപ്പതിനായിരത്തിലേറെപ്പേരെ ഒഴിപ്പിച്ചു. ലോസ് ആഞ്ജലിസ് സ്ഥിതിചെയ്യുന്ന കാലിഫോർണിയ സംസ്ഥാനത്ത് ഗവർണർ ഗാവിൻ ന്യൂസം അടിയന്തരാവസ്ഥ പ്രഖ്യാപിച്ചു.

സാന്റാ മോനിക്ക, മലീബു പട്ടണങ്ങൾക്കിടയിലുള്ള പ്രദേശമായ പസഫിക് പാലിസേഡ്സിൽ പതിനായിരകണക്കിന് ഏക്കറിലേറെ പ്രദേശത്ത് തീപടർന്നു. പസഡേനയ്ക്ക് സമീപവും സാൻ ഫെർണാണ്ടോ വാലിയിലെ സിൽമറിലുമുൾപ്പെടെ പല പ്രദേശങ്ങളിലും കാട്ടുതീ പിടിച്ചിട്ടുണ്ട്. മഴയില്ലായ്മയും വരണ്ട കാലാവസ്ഥയും ഉണക്കമരങ്ങളുമാണ് തീപടരാൻ കാരണം. വരണ്ടകാറ്റിന് സാധ്യതയുള്ളതിനാൽ സ്ഥിതിരൂക്ഷമാകുമെന്ന് ലോസ് ആഞ്ജലിസ് മേയർ കാരെൻ ബാസ് മുന്നറിയിപ്പുനൽകിയിരുന്നു.

# ബി.ജെ.പിയുടെ ക്ഷേത്ര സെല്ലിലുള്ള പൂജാരിമാർ എ.എ.പിയിൽ ചേർന്നു

ന്യൂഡൽഹി: ബി.ജെ.പിയുടെ ക്ഷേത്ര സെല്ലിലുള്ള പൂജാരിമാർ എ.എ.പിയിൽ ചേർന്നു. വീണ്ടും അധികാരത്തിലെത്തിയ ഹിന്ദുക്ഷേത്രങ്ങളിലെ പൂജാരിമാർക്കും ഗുരുദ്വാരകളിലുള്ളവർക്കും 18,000 രൂപ സ്റ്റൈപ്പൻഡ് നൽകുമെന്ന പ്രഖ്യാപനമാണ് ബി.ജെ.പിയുടെ ക്ഷേത്ര സെല്ലിൽ നിന്നും ആളുകൾ കൂട്ടത്തോടെ കൂറുമാറാൻ കാരണം.



ബി.ജെ.പിയിൽ നിന്ന് എത്തിയവരെ സനാതൻ സേവ സമിതിയുടെ ഭാഗമാക്കുമെന്ന് എ.എ.പി അധികൃതർ അറിയിച്ചു. ജഗത്ഗുരു, മഹാമണ്ഡലേശ്വർ, സന്യാസിമാർ, പൂജാരിമാർ എന്നിവരുടെ വരവിനാൽ പാർട്ടി അനുഗ്രഹീതമായി. അധികാരത്തിൽ എത്തിയാൽ പൂജാരി ഗ്രാന്തി സമ്മാൻ യോജന പ്രകാരം പൂജാരിമാർക്ക് സ്റ്റൈപ്പൻഡ് ഏർപ്പെടുത്തുമെന്ന് കെജ്രിവാൾ പറഞ്ഞു.

ബി.ജെ.പി ക്ഷേത്രസെൽ നിരവധി വാഗ്ദാനങ്ങളാണ് നൽകിയത്. പക്ഷേ ഒന്നും യാഥാർഥ്യമാക്കിയില്ല. എന്നാൽ, എ.എ.പി വാഗ്ദാനങ്ങൾ പാലിക്കുമെന്നും കെജ്രിവാൾ പറഞ്ഞു.

കഴിഞ്ഞ കുറേ വർഷങ്ങളായി ഓണറേറിയം ലഭിക്കുന്നതിന് തങ്ങൾ ബുദ്ധിമുട്ട് നേരിടുകയാണെന്ന് എ.എ.പിയിലെത്തിയ വിജയ് ശർമ്മ പറഞ്ഞു. അതേസമയം, കെജ്രിവാളിനെ വിമർശിച്ച് ബി.ജെ.പി രംഗത്തെത്തി. തെരഞ്ഞെടുപ്പ് സമയത്ത് മാത്രം ഹിന്ദുത്വം പറയുന്നയാളാണ് കെജ്രിവാൾ എന്നാണ് ബി.ജെ.പിയുടെ വിമർശനം.

## പെരിയ ഇരട്ടക്കൊലക്കേസ്: ശിക്ഷമരവിപ്പിച്ച പ്രതികൾ ജയിലിന് പുറത്തിറങ്ങി



കണ്ണൂർ: പെരിയ ഇരട്ടക്കൊലക്കേസിൽ ഹൈക്കോടതി ശിക്ഷ മരവിപ്പിച്ച നാലു പ്രതികൾ ജയിലിൽനിന്ന് മോചിതരമായി. മുൻ എംഎൽഎ അടക്കമുള്ള സിപിഎം നേതാക്കളായ പ്രതികൾക്ക് കണ്ണൂർ സെൻട്രൽ ജയിലിന് പുറത്ത് പാർട്ടിയുടെ വൻസ്വീകരണം ലഭിച്ചു.

കണ്ണൂർ–കാസർകോട് സിപിഎം ജില്ലാ സെക്രട്ടറിമാരും പി. ജയരാജനുൾപ്പെടെയുള്ള പാർട്ടിയുടെ മുതിർന്ന നേതാക്കളും നേരിട്ടെത്തി പ്രതികളെ ജയിലിൽനിന്ന് വരവേറ്റു. പ്രതികളായ നേതാക്കളെ രക്തഹാരം അണിയിച്ചാണ് സിപിഎം നേതൃത്വം സ്വീകരിച്ചത്.

കേസിൽ കുറ്റക്കാരാണെന്ന് കണ്ടെത്തിയ നാലുപേരുടെ ശിക്ഷയാണ് ഹൈക്കോടതി ഡിവിഷൻ ബെഞ്ച് ഇന്നലെ മരവിപ്പിച്ചത്.

പ്രതികളെ പോലീസ് കസ്റ്റഡിയിൽനിന്ന് കടത്തിക്കൊണ്ടുപോയെന്ന കുറ്റത്തിന് എറണാകുളം സി.ബി.ഐ. കോടതി ഉദുമ മുൻ എം.എൽ.എ.യും സി.പി.എം. ജില്ലാ സെക്രട്ടേറിയറ്റ് അംഗവുമായ കെ.വി. കുഞ്ഞിരാമൻ, ഉദുമ ഏരിയ മുൻ സെക്രട്ടറിയും ജില്ലാ കമ്മിറ്റി അംഗവും കാഞ്ഞങ്ങാട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമായ കെ. മണികണ്ഠൻ, പാക്കം ലോക്കൽ മുൻ സെക്രട്ടറിയും വ്യാപാരി വ്യവസായി സമിതി മുൻ ജില്ലാ സെക്രട്ടറിയുമായ രാഘവൻ വെളുത്തോളി, പനയാൽ ബാങ്ക് മുൻ സെക്രട്ടറി കെ.വി. ഭാസ്കരൻ എന്നിവരെ അഞ്ചുവർഷത്തെ തടവിന് ശിക്ഷിച്ചതാണ് ഹൈക്കോടതി മരവിപ്പിച്ചത്.

രേഖകൾ ജയിലിലെത്താത്ത സാഹചര്യത്തിൽ ഇന്നലെ ഇവർക്ക് പുറത്തിറങ്ങാൻ കഴിഞ്ഞിരുന്നില്ല.

## ഗൂഗിൾ മാപ്പ് ചതിച്ചു, വഴിതെറ്റിയ പൊലീസുകാരെ നാട്ടുകാർ തല്ലിച്ചതച്ചു

മൊകോക് ചുംഗ് (നാഗലാൻഡ്): ഗൂഗിൾ മാപ്പിന്റെ നിർദ്ദേശങ്ങൾ അനുസരിച്ച് ജീപ്പോടിച്ച് ഒറ്റപ്പെട്ട സ്ഥലത്തെത്തിയ പൊലീസുകാരെ നാട്ടുകാർ അടിച്ചവശരാക്കി. നാഗാലാൻഡിലെ മൊകോക് ചുംഗ് ജില്ലയിലായിരുന്നു സംഭവം. അസം പൊലീസിലെ പതിനാറുപേർക്കാണ് തല്ലുകിട്ടിയത്.

അസമിലെ ഒരു തേയിലത്തോട്ടത്തിൽ പരിശോധനയ്ക്കാണ് പൊലീസ് സംഘം എത്തിയത്. വഴി അറിയാത്തതിനാൽ ഗൂഗിൾ മാപ്പിന്റെ സഹായത്തോടെയാണ് ഡ്രൈവർ ജീപ്പ് ഓടിച്ചത്. കുറച്ചുസമയം കഴിഞ്ഞപ്പോൾ ഇവർ ഒറ്റപ്പെട്ട സ്ഥലത്തെത്തുകയും ഗ്രാമീണർ അവരെ വളയുകയുമായിരുന്നു. പതിനാറുപേരിൽ മൂന്നുപേർ മാത്രമാണ് യൂണിഫോം ധരിച്ചിരുന്നത്. മറ്റുള്ളവർ സിവിൽ വേഷത്തിലായിരുന്നു. ഇതാണ് കൂടുതൽ സംശയത്തിന് ഇടയാക്കിയത്.

പൊലീസ് എന്ന വ്യാജേന എത്തിയ അക്രമികളാണ് ജീപ്പിലുണ്ടായിരുന്നത് എന്ന് അവർ ഉറപ്പിച്ചു. ജീപ്പ് വളഞ്ഞ് പൊലീസുകാരെ പുറത്തിറക്കി ക്രൂരമായി തല്ലുകയും ചെയ്തു. തങ്ങൾ പൊലീസുകാരാണെന്ന് പറഞ്ഞെങ്കിലും ആരും ചെവിക്കൊണ്ടില്ലെന്ന് പൊലീസുകാർ പറയുന്നു. അടിയേറ്റ് ഒരു പൊലീസുകാരന് പരിക്കേൽക്കുകയും ചെയ്തു. സംഘത്തിലുണ്ടായിരുന്ന ചിലർ അസം പൊലീസിനെ വിവരമറിയിക്കുകയും അവർ നാഗാലാൻഡ് പൊലീസിനെ ഇക്കാര്യം ധരിപ്പിക്കുകയും ചെയ്തു. നാഗാലാൻഡ് പൊലീസ് എത്തിയാണ് പതിനാറുപേരെയും മോചിപ്പിച്ചത്.

മോചിപ്പിക്കാൻ പൊലീസ് എത്തിയപ്പോഴാണ് തങ്ങൾ തടഞ്ഞുവച്ചിരിക്കുന്നവർ യഥാർത്ഥ പൊലീസുകാരാണെന്ന് ഗ്രാമവാസികൾക്ക് മനസിലായത്. തുടർന്ന് അവരെ മോചിപ്പിക്കുകയായിരുന്നു. പൊലീസുകാരെ മർദ്ദിച്ചതിന് നാട്ടുകാർക്കെതിരെ കേസെടുക്കുമോ എന്ന് വ്യക്തമല്ല. പൊലീസുകാർ പരാതി നൽകിയിട്ടില്ലെന്നാണ് ലഭിക്കുന്ന വിവരം.

## എൻ എം വിജയന്റേത് കൊലപാതകം, സുധാകരനും സതീശനും കുടുംബത്തെ അധിക്ഷേപിച്ചു – എം വി ഗോവിന്ദൻ



സുൽത്താൻ ബത്തേരി: വയനാട് ഡി.സി.സി ട്രഷറർ എൻ.എം. വിജയന്റെയും മകന്റെയും ആത്മഹത്യ അതിദാരുണമായ സംഭവമെന്ന് സി.പി.എം സംസ്ഥാന സെക്രട്ടറി എം.വി. ഗോവിന്ദൻ. കേസുമായി ബന്ധപ്പെട്ട് മാധ്യമങ്ങളോട് പ്രതികരിക്കുകയായിരുന്നു അദ്ദേഹം.

ഡി.സി.സി ട്രഷററുടെയും മകന്റെയും മരണത്തിൽ കൃത്യമായ അന്വേഷണം നടത്തണമെന്നും നിലപാട് സ്വീകരിക്കണമെന്നുംതന്നെയാണ് കേരളം ഒന്നടങ്കം ആവശ്യപ്പെടുന്നതെന്ന് എം.വി.ഗോവിന്ദൻ പറഞ്ഞു. കോൺഗ്രസിന്റെ സംസ്ഥാന അധ്യക്ഷൻ സുധാകരനും പ്രതിപക്ഷനേതാവ് വി.ഡി.സതീശനും രണ്ടുപേരെയും ആക്ഷേപിക്കുന്ന നിലയായിരുന്നു. എൻ.എം.വിജയന്റെ കുടുംബം തങ്ങളെ ഭീഷണിപ്പെടുത്തുകയാണെന്നൊക്കെയാണ് സുധാകരനും സതീശനും പറഞ്ഞത്. മനസാക്ഷിയുള്ള ഒരാൾക്കും ഇങ്ങനെ പറയാനാവില്ലെന്നും ഗോവിന്ദൻ പറഞ്ഞു.

എൻ.എം.വിജയന്റേത് കൊലപാതകംതന്നെയാണ്. അമ്പതു വർഷക്കാലം, എല്ലാ പ്രതിസന്ധികൾക്കിടയിലും കോൺഗ്രസിന്റെ ഭാഗമായിനിന്നയാളാണ് എൻ.എം.വിജയൻ. ഒരുതരത്തിലും കോൺഗ്രസിനെ വേദനിപ്പിക്കരുതെന്ന നിലപാട് സ്വീകരിച്ചുകൊണ്ട് സ്വയം ഇല്ലാതാവുകയായിരുന്നു അദ്ദേഹം. കൃത്യമായ അന്വേഷണം ഇക്കാര്യത്തിൽ വേണമെന്നും എം.വി.ഗോവിന്ദൻ ആവശ്യപ്പെട്ടു.

പെരിയ കേസുമായി ബന്ധപ്പെട്ട് താൻ മുമ്പ് വ്യക്തമാക്കിയതെന്തോ അതുതന്നെയാണ് ഇപ്പോൾ സംഭവിച്ചിരിക്കുന്നത്. പെരിയ ഇരട്ടക്കൊലക്കേസിൽ സി.പി.എം അറിഞ്ഞുകൊണ്ടോ അല്ലെങ്കിൽ പാർട്ടിയുടെ ധാരണയനുസരിച്ചോ നടന്ന ഒന്നല്ല. ഒരുപാട് സംഭവങ്ങളുടെ തുടർച്ചയുണ്ടെങ്കിലും കൊലപാതകത്തിലേക്കെത്തുക എന്നതൊന്നും ആരും അറിഞ്ഞതല്ല. ശരിയായ രീതിയിൽ കേരളത്തിലെ പോലീസ് അന്വേഷിച്ചുകൊണ്ടിരിക്കുമ്പോൾ അതിനെ രാഷ്ട്രീയവൽക്കരിച്ചിട്ട് ഇതെല്ലാം സി.പി.എമ്മിന്റെ ഗൂഢാലോചനയാണെന്ന് വരുത്തിത്തീർക്കാൻ ശ്രമം നടന്നുവെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

## വിടാതെ ഹണി റോസ്; 'ബോചെ' ക്ക് പിന്നാലെ 20–ഓളം യൂട്യൂബർമാർക്കെതിരെയും നിയമനടപടി

കൊച്ചി: ലൈംഗികാധിക്ഷേപ കേസിൽ ബോബി ചെമ്മണ്ണൂരിനെ അറസ്റ്റ് ചെയ്തതിന് പിന്നാലെ, തന്നെ സമൂഹിക മാധ്യമങ്ങൾ വഴി അധിക്ഷേപിച്ച യൂട്യൂബർമാർക്കെതിരെയും നിയമനടപടിയുമായി ഹണി റോസ്. ഇരുപതോളം യൂട്യൂബർമാരുടെ പേരുകൾ ഹണി പോലീസിന് കൈമാറും. വീഡിയോകൾക്ക് തന്റെ ചിത്രം വെച്ച് ദ്വയാർത്ഥ പ്രയോഗത്തോടെ മോശം തമ്പ്നെയിൽ ഇട്ട യൂട്യൂബ് ചാനലുകളുടെ വിവരങ്ങളാകും ഹണി പോലീസിന് കൈമാറുക.

അതേസമയം അറസ്റ്റിലായ ബോബി ചെമ്മണ്ണൂരിനെ ഇന്ന് കോടതിയിൽ ഹാജരാക്കുന്നു. താൻ കുറ്റം ചെയ്തിട്ടില്ലെന്നാണ് ബോബി ചെമ്മണ്ണൂർ പോലീസിനോടും മാധ്യമങ്ങളോടും ആവർത്തിച്ചത്. നടി നൽകിയ രഹസ്യ മൊഴിയുടെ പകർപ്പ് ഇന്ന് അന്വേഷണ സംഘത്തിന് ലഭിക്കും. ഇത് പരിശോധിച്ച് കൂടുതൽ വകുപ്പുകൾ ബോബി ചെമ്മണ്ണൂരിനെതിരെ ചുമത്താനുള്ള സാധ്യത പോലീസ് തേടുന്നുണ്ട്.

ഇന്നലെ രാവിലെ മേപ്പാടിയിലെ ബോച്ച് തൗസന്റ് ഏക്കർ റിസോർട്ട് വളപ്പിൽ വെച്ച് അറസ്റ്റിലായ ബോബി ചെമ്മണ്ണൂരിനെ രാത്രി ഏഴുമണിക്ക് ശേഷമാണ് കൊച്ചിയിലെത്തിച്ചത്. അറസ്റ്റ് രേഖപ്പെടുത്തിയ ശേഷം ഇദ്ദേഹത്തിന്റെ മൊബൈൽ ഫോൺ കസ്റ്റഡിയിലെടുത്തു. ഇത് ഫോറൻസിക് പരിശോധനയ്ക്ക് അയക്കും. കൊച്ചി സെൻട്രൽ പോലീസ് സ്റ്റേഷനിൽ പ്രത്യേക അന്വേഷണ സംഘം ബോബി ചെമ്മണ്ണൂരിനെ രാത്രി മുഴുവൻ ചോദ്യം ചെയ്തു. രാത്രി 12 മണിയോടെയും പുലർച്ചെ 5മണിയോടെയും 2തവണയായി ബോബി ചെമ്മണ്ണൂരിനെ വൈദ്യപരിശോധനക്കും വിധേയനാക്കിയിരുന്നു.

ബോബി ചെമ്മണ്ണൂർ ഇന്ന് തന്നെ കോടതിയിൽ ജാമ്യാപേക്ഷ നൽകുമെന്നാണ് വിവരം. അദ്ദേഹത്തിനായി അഡ്വ. ബി. രാമൻപിള്ളയാണ് ഹാജരാകുക. നടിയെ ആക്രമിച്ച കേസിൽ ദിലീപിനായും കന്യാസ്ത്രീയെ പീഡിപ്പിച്ച കേസിൽ ബിഷപ്പ് ഫ്രാങ്കോ മുളയ്ക്കലിനായും ടി.പി. ചന്ദ്രശേഖരൻ വധക്കേസിൽ പ്രതിഭാഗത്തിനായും ഹജരായതിലൂടെ വാർത്തകളിൽ നിറഞ്ഞുനിന്നയാളാണ് അഡ്വ. രാമൻ പിള്ള.

ഭാരതീയ ന്യായസംഹിതയിലെ 75–ാം വകുപ്പ്, ഐ.ടി. ആക്ടിലെ 67 വകുപ്പ് എന്നിവ പ്രകാരമാണ് ബോബി ചെമ്മണ്ണൂരിനെതിരേ പോലീസ് കേസെടുത്തിരിക്കുന്നത്. വയനാട്ടിൽ നിന്ന് കസ്റ്റഡിയിലെടുത്ത ശേഷം ഇന്നലെ വൈകീട്ട് എറണാകുളം സെൻട്രൽ സ്റ്റേഷനിലെത്തിച്ചതിന് പിന്നാലെയാണ് പോലീസ് പ്രതിയുടെ അറസ്റ്റ് രേഖപ്പെടുത്തിയത്. ഉന്നത പോലീസ് ഉദ്യോഗസ്ഥർ ഉൾപ്പെടെയുള്ളവരാണ് കഴിഞ്ഞദിവസം അദ്ദേഹത്തെ ചോദ്യംചെയ്തത്.

ബോബി ചെമ്മണ്ണൂരിനെ കസ്റ്റഡിയിലെടുത്തതിന് പിന്നാലെ പോലീസ് നടപടിയിൽ ഹണി റോസ് നന്ദി അറിയിച്ചിരുന്നു. കേരള സർക്കാരിനും മുഖ്യമന്ത്രി പിണറായി വിജയനും കേരള പോലീസിനും താനും തന്റെ കുടുംബവും ഹൃദയംനിറഞ്ഞ നന്ദി അറിയിക്കുന്നു എന്നായിരുന്നു ഹണി റോസിന്റെ പ്രതികരണം.



സംസ്ഥാന സ്കൂൾ കലോത്സവം 2025 തൃശൂരിന് ലഭിച്ച സ്വർണ്ണ കപ്പിന് പുതുക്കാട് നൽകിയ സ്വീകരണം.

## പ്രാകൃതനും കാടനും, ആലപ്പുഴയിലാണെങ്കിൽ തല്ലിയേനെ ജി സുധാകരൻ

ആലപ്പുഴ: വ്യവസായി ബോബി ചെമ്മണ്ണൂരിനെതിരെ രൂക്ഷവിമർശനുമായി മുൻമന്ത്രിയും മുതിർന്ന സി പി എം നേതാവുമായ ജി സുധാകരൻ. ബോബി ചെമ്മണ്ണൂർ പ്രാകൃതനും കാടനുമാണെന്ന് അദ്ദേഹം പറഞ്ഞു. കായംകുളത്തെ ഒരു കോളേജിൽ നടന്ന പുസ്തക പ്രകാശ ചടങ്ങിൽ സംസാരിക്കവേയാണ് വിമർശനം.

'ഇന്നലെ ഒരു പരമനാറിയെ അറസ്റ്റ് ചെയ്തിരുന്നല്ലോ. എന്താ അവന്റെ പേര്, ഒരു സ്വർണക്കച്ചവടക്കാരൻ. ഞാൻ 15വർഷം മുന്നേ എന്റെ ഭാര്യയോട് പറഞ്ഞു, അവൻ പരമനാറിയാണെന്ന്. പണത്തിന്റെ അഹങ്കാരമല്ലാതെന്താ. എന്തും ചെയ്യാമെന്നാണ്. അവൻ വെറും പ്രാകൃതനും കാടനുമാണ്. അവന് ഒരു സംസ്കാരമേയുള്ളൂ, ലൈംഗിക സംസ്കാരം.

കുറേക്കാലമായി, അവന്റെ കരണക്കുറ്റിക്ക് രണ്ട് കൊടുക്കാൻ ഈ കേരളത്തിൽ ആരുമില്ലാതായിപ്പോയല്ലോ. കുറേക്കാലമായി ചെയ്തോണ്ടിരിക്കുകയാണ്. ആലപ്പുഴയിലാണെങ്കിൽ ഞങ്ങൾ ഉറപ്പായിട്ടും തല്ലിയേനെ. ഇവിടത്തെ മഹിളാ സംഘടനകളൊക്കെ എവിടെപ്പോയി? ഇവിടത്തെ ബുദ്ധിജീവികളൊക്കെ എവിടെപ്പോയി?

എന്റെ കൈയിൽ ചെറിയ ഫോണാണ്. ഞാൻ ഇത് കാണാറുമില്ല. എന്തെല്ലാം വൃത്തികേടാണ് അവൻ കാണിക്കുന്നത്. എന്തായാലും ആ നടി കേസുകൊടുത്തു. അവനെ പൊലീസ് പിടിച്ചു. അയാൾക്ക് പ്രത്യേക സംഘമുണ്ടത്രേ. എന്തോന്ന് സംഘം. നിയമവിരുദ്ധമാണത്.

അശ്ലീലച്ചുവയുള്ള ഒരു പോസ്റ്റ് ഇട്ടപ്പോൾ തന്നെ പൊലീസ് അയാളെ അറസ്റ്റ് ചെയ്യേണ്ടതല്ലേ. അതിന് പരാതി കൊടുക്കേണ്ടല്ലോ. പൊലീസ് അറസ്റ്റ് ചെയ്തോ, ഇല്ലല്ലോ. പല സ്ത്രീകളെയും അപമാനിച്ചു. അവരാരും അനങ്ങിയില്ല. ആ നടി വിഷമത്തോടെ കേസ് കൊടുത്തു, അറസ്റ്റ് ചെയ്തു. ഇത് കേരളത്തിൽ നടക്കുകയല്ലേ. നമ്മൾ എല്ലാത്തിലും മുന്നിലാണെന്ന് പറയുന്നവർക്ക് ഇതിലെന്താ പറയാനുള്ളത്?

ഇതിലും നമ്മൾ മുന്നിലല്ലേ. വൃത്തികേടുകളിലും നമ്മൾ മുന്നിലല്ലേ. ഒരിക്കലും നമ്മൾ നമ്മളേപ്പറ്റി പറഞ്ഞ് അഹങ്കരിക്കാൻ പാടില്ല. എല്ലാത്തിലും മുന്നിലല്ലേയെന്ന്. ആര് പറഞ്ഞു എല്ലാത്തിലും മുന്നിലാണെന്ന്. നമ്മൾ ചില കാര്യങ്ങളിൽ മുന്നിലാണ്. അതങ്ങ് പറഞ്ഞാൽ മതി. അല്ലാതെ ഇല്ലാത്തതിനെപ്പറ്റി എന്തിനാണ് പറയുന്നത്. പൊങ്ങച്ചം പറച്ചിലും പൊള്ള വാദവും ലോക ചരിത്രത്തിൽ സ്ഥാനം പിടിക്കുമോ. പറയുന്ന ദിവസേ അതിന് ആയുസുള്ളൂ.'–ജി സുധാകരൻ പറഞ്ഞു.

## വസ്ത്രധാരണത്തിൽ വിമർശനം ആവർത്തിച്ച് രാഹുൽ ഈശ്വർ



തിരു: ഹണി റോസിന് വിമർശിക്കാനുള്ള അവകാശമുണ്ടെന്ന് രാഹുൽ ഈശ്വർ. ഹണി റോസിന്റെ വിമർശനത്തിനോടുള്ള ചോദ്യത്തിന് പ്രതികരിക്കുകയായിരുന്നു അദ്ദേഹം. പക്ഷേ അവർ ഓർക്കേണ്ട ഒരു കാര്യം സമൂഹത്തിൽ വ്യാപകമായി അവരുടെ വസ്ത്രധാരണത്തിനെതിരെ വിമർശനങ്ങളുണ്ട് എന്നതാണ്. ജനുവരി 10ന് അവരുടെ പുതിയ സിനിമയായ റേച്ചൽ ഇറങ്ങും. അവർക്ക് എല്ലാവിധ വിജയങ്ങളുമുണ്ടാവട്ടെയെന്നും അദ്ദേഹം പറഞ്ഞു.

'ഇന്ത്യയിലെ പരമോന്നത നീതിപീഠത്തെ വിമർശിക്കാൻ മടികാണിക്കാത്ത രാഹുൽ ഈശ്വറിന് ഹണി റോസിനെ വിമർശിക്കാൻ മടിയുണ്ടാവുമോ എന്നത് ചിന്തിച്ചാൽ മതി. ഹണി റോസ് വിമർശനത്തിന് അതീതയല്ല. വിമർശിക്കാതിരിക്കാൻ അവർ മദർ തെരേസയൊന്നും അല്ലല്ലോ. വസ്ത്രധാരണവും സംസാരിക്കുന്നതും എല്ലാ വ്യക്തിയുടേയും സ്വാതന്ത്ര്യമാണ്. വാക്കുകൾ അമിതമാകരുത്. വസ്ത്രധാരണത്തിൽ സഭ്യതയുണ്ടാവണം. വാക്കിനും വസ്ത്രധാരണത്തിനും മാന്യതവേണം.

ഹണി റോസിന്റെ വസ്ത്രധാരണം ഓവറാണെന്ന് ചിന്തിക്കാത്ത ഏതെങ്കിലും മലയാളിയുണ്ടോ? നമ്മൾ കണ്ണടച്ച് ഇരുട്ടാക്കിയിട്ട് കാര്യമുണ്ടോ? ബോബി ചെമ്മണ്ണൂർ പറഞ്ഞതിനെ ആരും ന്യായീകരിച്ചിട്ടില്ല. ബോബി ചെമ്മണ്ണൂരിന്റെ മാപ്പ് സ്വീകരിക്കണമെന്നാണ് ഞാൻ ഹണി റോസിനോട് അഭ്യർത്ഥിച്ചത്. 3 വർഷം വരെ ഒരാളെ അകത്തിടാനുള്ള കേസുണ്ടോയെന്ന് ഹണി റോസ് ചിന്തിക്കണം.' രാഹുൽ ഈശ്വർ കൂട്ടിച്ചേർത്തു.

## 9 – ാം ചരമവാർഷികം
(09 – 01 – 2025)



**C.K. ധർമ്മരത്നം**
(Retd. Dy. Collector)
ചെത്തിക്കാട്ടിൽ ഹൗസ്, പുതൂർക്കര, അയ്യന്തോൾ

*സന്തപ്ത കുടുംബാംഗങ്ങൾ:*
ഭാര്യ: തങ്കം ധർമ്മരത്നം

മക്കൾ: Adv. പ്രദീപ് സി.ഡി., Adv. ദിലീപ് സി.ഡി., ജ്യോതി സി.ഡി., Adv. പ്രമോദ് ധർമ്മ സി.ഡി., പ്രിയ ഡി.രത്നം.

മരുമക്കൾ: രേഖ പ്രദീപ്, രേഖ ദിലീപ്, മഹിത ജ്യോതി, Adv. ദിവ്യ പ്രമോദ്, Adv. ജയദേവൻ ബി.

പേരക്കുട്ടികൾ

RNI No. 7675/1964, Edited, Printed & Published by A. Mohammed at Kairaly Printers for Chethana Printers, Thrissur-4





സ്കൂൾ കലോത്സവത്തിൽ സ്വർണ്ണ കപ്പ് നേടിയ തൃശൂർ ജില്ലാ ടീമിനും കപ്പിനും തൃശൂരിൽ വരവേല്പ് നൽകിയപ്പോൾ

## വാർക്കയുടെ തകരാർ, വീട് അപകടാവസ്ഥയിൽ, ഉപഭോക്തൃകോടതി വിധിച്ച 5ലക്ഷം രൂപ നല്കിയില്ല, വാറണ്ട് അയക്കുവാൻ ഉത്തരവ്

തൃശൂർ: ഉപഭോക്തൃ കോടതി വിധിപ്രകാരം നഷ്ടം നൽകാതിരുന്നതിനെ ചോദ്യം ചെയ്ത് ഫയലാക്കിയ ഹർജിയിൽ വാറണ്ട് അയക്കുവാൻ ഉത്തരവ്.

തൃശൂർ മുണ്ടൂർ കുന്നത്തുള്ളി വീട്ടിൽ ബാബു.കെ.എസ് ഫയൽ ചെയ്ത ഹർജിയിലാണ് പേരാമംഗലത്തുള്ള ടി.എസ്.രാമകൃഷ്ണനെതിരെ ഇപ്രകാരം ഉത്തരവായത്.വാർക്കയുടെ പണിക്ക് ശേഷം പല ഭാഗങ്ങളിലും ചിന്നൽ രൂപപ്പെടുകയും വീട് ചോർന്നൊലിക്കുകയും ചെയ്തതിനെത്തുടർന്ന് ഫയലാക്കിയ ഹർജിയിൽ അഞ്ച് ലക്ഷം രൂപ നഷ്ടപരിഹാരമായി നൽകുവാൻ ഉപഭോക്തൃകോടതി വിധിക്കുകയായിരുന്നു. എന്നാൽ വിധി എതിർകക്ഷി പാലിക്കുകയുണ്ടായില്ല. ഒരു മാസത്തിനുള്ളിൽ വിധി പാലിക്കണമെന്ന വ്യവസ്ഥയുണ്ടായിരുന്നു. തുടർന്ന് വിധി പാലിക്കാതിരുന്നതിന് എതിർകക്ഷിയെ ശിക്ഷിക്കുവാൻ ആവശ്യപ്പെട്ട് ഹർജി ഫയൽ ചെയ്യുകയായിരുന്നു. വിധി പാലിക്കാതിരുന്നതിന് മൂന്ന് വർഷം വരെ തടവ് ശിക്ഷ വിധിക്കുവാൻ ഉപഭോക്തൃകോടതിക്ക് അധികാരമുള്ളതാകുന്നു. ഹർജി പരിഗണിച്ച പ്രസിഡണ്ട് സി.ടി.സാബു മെമ്പർമാരായ ശ്രീജ.എസ്,ആർ.റാം മോഹൻ എന്നിവരടങ്ങിയ തൃശൂർ ഉപഭോക്തൃ കോടതി, വിധി പ്രകാരം പ്രവർത്തിക്കാത്ത സാഹചര്യത്തിൽ എതിർ കക്ഷിയെ അറസ്റ്റ് ചെയ്ത് ഹാജരാക്കുവാൻ ആവശ്യപ്പെട്ട് പോലീസ് മുഖേനെ വാറണ്ട് അയക്കുവാൻ ഉത്തരവ് പുറപ്പെടുവിക്കുകയായിരുന്നു.

ഹർജിക്കാരന് വേണ്ടി അഡ്വ.എ.ഡി.ബെന്നി ഹാജരായി വാദം നടത്തി.

## കെടാവിളക്ക് സ്കോളർഷിപ്പ്; അപേക്ഷ ക്ഷണിച്ചു

തൃശൂർ: സംസ്ഥാനത്തെ സർക്കാർ/സർക്കാർ എയ്ഡഡ് സ്കൂളുകളിലെ 1 മുതൽ 8 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന ഒ.ബി.സി. വിഭാഗം വിദ്യാർത്ഥികൾക്ക് പ്രതിവർഷം 1500 രൂപ വീതം അനുവദിക്കുന്ന കെടാവിളക്ക് സ്കോളർഷിപ്പ് പദ്ധതിക്ക് അപേക്ഷ ക്ഷണിച്ചു. അപേക്ഷാ ഫാറത്തിന്റെ മാതൃകയും വിശദവിവരങ്ങൾ അടങ്ങിയ സർക്കുലറും www.egrantz.kerala.gov.in എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. മുൻ വർഷത്തെ പരീക്ഷയിൽ 90 ശതമാനമോ അതിലധികമോ മാർക്ക് നേടിയവർക്ക് അപേക്ഷിക്കാം. വാർഷിക വരുമാന പരിധി രണ്ടര ലക്ഷം രൂപ. വിദ്യാർത്ഥികൾ ജനുവരി 20 നകം അപേക്ഷ പൂരിപ്പിച്ച് സ്കൂളിൽ സമർപ്പിക്കണം. സ്കൂൾ അധികൃതർ ജനുവരി 31 നകം ഡാറ്റാ എൻട്രി പൂർത്തീകരിക്കണം. കൂടുതൽ വിവരങ്ങൾക്കായി ഫോൺ: 0491 2505663.

## ക്വട്ടേഷൻ ക്ഷണിച്ചു

തൃശൂർ: വിയ്യൂർ സെൻട്രൽ പ്രിസൺ ആൻഡ് കറക്ഷണൽ ഹോമിലെ മാനുഫാക്ടറി വിഭാഗത്തിൽ നിന്നും വിവിധ ജയിൽ സ്ഥാപനങ്ങളിലേക്ക് 2024-25 സാമ്പത്തിക വർഷം ഫീനോൾ നിർമ്മിച്ച് വിതരണം ചെയ്യുന്നതിനായുള്ള അസംസ്കൃത സാധനങ്ങൾ വിതരണം ചെയ്യുന്നതിനായി മത്സര സ്വഭാവമുള്ള മുദ്ര വെച്ച ക്വട്ടേഷൻ ക്ഷണിച്ചു. ക്വട്ടേഷനിൽ ജി.എസ്.ടി. ഉൾപ്പെടെയുള്ള നിരക്കാണ് രേഖപ്പെടുത്തേണ്ടത്. ക്വട്ടേഷൻ ജനുവരി 19 ന് രാവിലെ 11 ന് മുമ്പായി സെൻട്രൽ പ്രിസൺ ആൻഡ് കറക്ഷൻ ഹോം, വിയ്യൂർ എന്ന വിലാസത്തിൽ ലഭിക്കണം. കൂടുതൽ വിവരങ്ങൾക്കായി ഫോൺ: 0487 2334267.

## ഡി സി സി ട്രഷററുടെ ആത്മഹത്യ: ഐ.സി.ബാലകൃഷ്ണൻ എം.എൽ.എയ്ക്കെതിരെ ആത്മഹത്യ പ്രേരണാക്കുറ്റം



സുൽത്താൻ ബത്തേരി: ഡി.സി.സി ട്രഷറർ എൻ.എം. വിജയന്റെ മരണത്തിൽ ഐ.സി. ബാലകൃഷ്ണൻ എം.എൽ.എയെ പ്രതിചേർത്തു. ആത്മഹത്യ പ്രേരണാക്കുറ്റമാണ് എം.എൽ.എയ്ക്കെതിരെ ചുമത്തിയിരിക്കുന്നത്. ഡി.സി.സി. പ്രസിഡന്റ് എൻ ഡി.അപ്പച്ചൻ, കെ.കെ. ഗോപിനാഥൻ, അന്തരിച്ച മുൻ ഡി.സി.സി. പ്രസിഡന്റ് പി. വി.ബാലചന്ദ്രൻ എന്നിവരും പ്രതികളാണ്. ഇതിൽ കെ.കെ. ഗോപിനാഥൻ കോൺഗ്രസിൽ നിന്ന് സസ്പെൻഡ് ചെയ്യപ്പെട്ടയാളാണ്.

എൻ.എം.വിജയൻ നൽകിയെന്ന് പറയപ്പെടുന്ന കത്തിന്റെ ആധികാരികത പരിശോധിച്ചശേഷം നടപടിയെടുക്കുമെന്നായിരുന്നു പോലീസ് നേരത്തേ അറിയിച്ചിരുന്നത്. ഇതിനിടയിലാണ് എം.എൽ.എ ഉൾപ്പെടെയുള്ളവരെ കേസിൽ പ്രതിചേർത്തിരിക്കുന്നത്. എൻ.എം.വിജയന്റെ കത്തിന്റെ അടിസ്ഥാനത്തിലാണ് ഈ നടപടി. അതേസമയം കത്തിന്റെ ഫോറൻസിക് പരിശോധന ഇനിയും പൂർത്തിയായിട്ടില്ല.

കത്തുമായി ബന്ധപ്പെട്ട് പോലീസ് എൻ.എം.വിജയന്റെ കുടുംബത്തോട് ചില കാര്യങ്ങൾ അന്വേഷിച്ചിരുന്നു. വിജയന്റെ കയ്യക്ഷരമുൾപ്പെടെയുള്ളവയെക്കുറിച്ചായിരുന്നു അന്വേഷണമെന്നാണ് വിവരം. ഡിജിറ്റൽ തെളിവുകളും പോലീസ് ശേഖരിച്ചിട്ടുണ്ട്.

എൻ.എം.വിജയന്റെയും മകന്റെയും മരണവുമായി ബന്ധപ്പെട്ട് കെ.പി.സി.സിയും അദ്ദേഹത്തിന്റെ കുടുംബവും കഴിഞ്ഞദിവസം അനുനയത്തിലെത്തിയിരുന്നു. പാർട്ടിക്കൊപ്പം നിൽക്കുന്നുവെന്നാണ് കെ.പി.സി.സി സംഘം സന്ദർശിച്ചതിനുപിന്നാലെ എൻ.എം.വിജയന്റെ കുടുംബം വ്യക്തമാക്കിയത്. ഇതിനിടെയിലാണ് പോലീസിന്റെ പുതിയ നീക്കം.

## ലേലം

തൃശൂർ: റവന്യു റിക്കവറി വിൽപ്പന നികുതി കുടിശ്ശിക തുകയായ 28,17,650 രൂപ ഈടാക്കുന്നതിനായി പഞ്ഞാൾ വില്ലേജ് സർവ്വെ നമ്പർ 581/എ-7 ൽ ഉൾപ്പെട്ട 0.0526 ഹെക്ടർ സ്ഥലം ഉൾപ്പെടെയുള്ള വസ്തുവഹകൾ ഫെബ്രുവരി 15 ന് രാവിലെ 11 ന് പാഞ്ഞാൾ വില്ലേജ് ഓഫീസ് സ്ഥലത്ത് തലപ്പിള്ളി തഹസിൽദാരോ തഹസിൽദാർ അധികാരപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ പരസ്യമായി ലേലം ചെയ്യും.

## സെന്റ് ജോസഫ്സ് ഓട്ടോണമസ് കോളേജിൽ പ്രീ-കോൺക്ലേവ് വർക്ക്ഷോപ്പ് സംഘടിപ്പിച്ചു



ഇരിങ്ങാലക്കുട: സെന്റ് ജോസഫ്സ് ഓട്ടോണമസ് കോളേജിൽ ഉന്നതവിദ്യാഭ്യാസം നാളെയുടെ വാഗ്ദാനം എന്ന വിഷയത്തിൽ ജനുവരി 7-ാം തീയ്യതി പ്രീ-കോൺക്ലേവ് വർക്ക്ഷോപ്പ് നടത്തി.

IQAC യും കമ്പ്യൂട്ടർ സയൻസ് വിഭാഗവും സംയുക്തമായി സംഘടിപ്പിച്ച വർക്ക്ഷോപ്പ് ഇരിങ്ങാലക്കുട ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ടും ഉന്നത വിദ്യാഭ്യാസ ഉപദേശക സമിതിയുടെ അംഗവുമായ ലളിത ബാലൻ ഉദ്ഘാടനകർമ്മം നിർവഹിച്ചു.

അസാപ് കേരളയുടെ അസോസിയേറ്റ് ഡയറക്ടറായ ശ്രീരഞ്ജ് എസ്, ICT അക്കാദമി ഓഫ് കേരളയിലെ നോളഡ്ജ് ഓഫീസ് ഹെഡായ റിജി എൻ ദാസ്,കെൽട്രോൺ തേർഡ് സെൽ പ്രൊജക്റ്റിന്റെ ചീഫ് കൺസൾറ്റന്റായ അമിത് രാമൻ എന്നിവർ ഇൻഡസ്ട്രി 5.0 യിലേക്ക് വിദ്യാർത്ഥികളെ ഒരുക്കൽ, കസ്റ്റമൈസ് ചെയ്ത പഠന പരിചയത്തിലൂടെ വിദ്യാർത്ഥികളുടെ പഠനശേഷി വർദ്ധിപ്പിക്കൽ, സ്റ്റാർട്ടപ്പിന്റെ ഭാവി എന്നീ വിഷയങ്ങളിൽ ക്ലാസുകൾ നടത്തി. പ്രിൻസിപ്പൽ ഡോ. സിസ്റ്റർ സിജി പി. ഡി അധ്യക്ഷത വഹിച്ചു.

## പ്രഭാതനടത്തത്തിനിടെ കുഴഞ്ഞുവീണു; മുൻ ഇടുക്കി ജില്ലാ പോലീസ് മേധാവി കെ.വി. ജോസഫ് അന്തരിച്ചു



ഇടുക്കി: മുൻ ഇടുക്കി ജില്ലാ പോലീസ് മേധാവി കെ. വി. ജോസഫ് ഐ.പി.എസ്. (റിട്ട.) കുഴഞ്ഞുവീണ് മരിച്ചു. പ്രഭാത നടത്തത്തിനിടെ ഇന്ന് രാവിലെ അറക്കുളം സെന്റ് ജോസഫ് കോളേജിന് മുന്നിൽ വെച്ചായിരുന്നു സംഭവം.

ജോസഫ് കുഴഞ്ഞ് വീഴുന്നത് കണ്ട് കോളേജ് ഗ്രൗണ്ടിൽ ഉണ്ടായിരുന്നവർ ഓടിയെത്തി മൂലമറ്റം ബിഷപ്പ് വയലിൽ ആശുപത്രിയിൽ എത്തിച്ചെങ്കിലും ജീവൻ രക്ഷിക്കാനായില്ല.

## സംസ്ഥാന സ്കൂൾ കലോൽസവത്തിൽ എടതിരിഞ്ഞി എച്ച്ഡിപി സ്കൂളിന് തിളക്കമാർന്ന നേട്ടം




ഇരിങ്ങാലക്കുട : സംസ്ഥാന സ്കൂൾ കലോത്സവത്തിൽ എടതിരിഞ്ഞി എച്ച്ഡിപി സമാജം ഹയർ സെക്കൻഡറി സ്കൂളിന് തിളക്കമാർന്ന നേട്ടം. മൽസരിച്ച എട്ട് ഇനങ്ങളിലും എ ഗ്രേഡ് നേടി ജില്ലയിലെ സ്കൂളുകളിൽ സാന്നിധ്യം തെളിയിക്കാൻ ഗ്രാമീണ മേഖലയിൽ നിന്നുള്ള സ്കൂളിന് കഴിഞ്ഞു. ഹൈസ്കൂൾ വിഭാഗം മൽസരത്തിൽ പൂരക്കളി, പണിയ നൃത്തം, വീണ എന്നിവയിലാണ് എ ഗ്രേഡ് നേട്ടം. ഹയർസെക്കണ്ടറിയിൽ പളിയ നൃത്തം, പണിയ നൃത്തം, മലപുലയാട്ടം, ചവിട്ട് നാടകം, ചാക്യാർകൂത്ത് എന്നീ ഇനങ്ങളിലാണ് എ ഗ്രേഡ് നേടി എടതിരിഞ്ഞി എച്ച്ഡിപി സംസ്ഥാന തലത്തിൽ സാന്നിധ്യമറിയിച്ചത്.

ഈ വർഷം കലോൽസവ ഇനങ്ങളിൽ ചേർക്കപ്പെട്ട ഗോത്രകലകളായ പണിയ നൃത്തം, മലപുലയാട്ടം, പളിയനൃത്തം എന്നിവയിൽ കരുത്ത് തെളിയിക്കാൻ എച്ച്ഡിപി ക്ക് കഴിഞ്ഞു. 1008 പോയിന്റ് നേടി തൃശ്ശൂർ ജില്ല സംസ്ഥാന കലോൽസവത്തിൽ ജേതാക്കൾ ആയപ്പോൾ 40 പോയിന്റ് നൽകി വിജയത്തിൽ നിർണ്ണായകമാകാനും സ്കൂളിന് കഴിഞ്ഞു.

## കാർഷിക ഉപകരണങ്ങൾക്ക് സബ്സിഡി

തൃശൂർ: കാർഷിക മേഖലയിൽ ചെലവ് കുറഞ്ഞ യന്ത്രവൽക്കരണം പ്രോത്സാഹിപ്പിക്കുന്നതിന് നടപ്പിലാക്കുന്ന കാർഷിക യന്ത്രവൽക്കരണ ഉപപദ്ധതിയുടെ (എസ്.എം.എ.എം) ഭാഗമായി കാർഷിക യന്ത്രങ്ങളും ഉപകരണങ്ങളും വിളവെടുപ്പാനന്തര വിള സംസ്കരണ മൂല്യവർധിത പ്രവർത്തനങ്ങൾക്കാവശ്യമായ ഉപകരണങ്ങളും സബ്സിഡിയോടെ വിതരണം ചെയ്യുന്നു. 2024 - 2025 സാമ്പത്തിക വർഷത്തിലെ അപേക്ഷകൾ ജനുവരി 15 മുതൽ https://agrimachinery.nic.in/index എന്ന വെബ്സൈറ്റ് മുഖേന നൽകാവുന്നതാണ്. പദ്ധതി പ്രകാരം വ്യക്തിഗത ഗുണഭോക്താക്കൾക്ക് 40 ശതമാനം മുതൽ 60 ശതമാനം വരെയും കർഷക കൂട്ടായ്മകൾ, എസ്എച്ച്ജികൾ, എഫ്പിഒകൾ, പഞ്ചായത്തുകൾ, വ്യക്തികൾ എന്നിവയ്ക്ക് കാർഷിക യന്ത്രങ്ങളുടെ വാടക കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് 40 ശതമാനവും സമ്പത്തിക സഹായം നൽകുന്നു. കൂടാതെ യന്ത്രവത്കരണ തോത് കുറവായ പ്രദേശങ്ങളിൽ യന്ത്രവത്കരണം പ്രോത്സാഹിപ്പിക്കുന്നതിന് ഫാം മെഷിനറി ബാങ്കുകൾ സ്ഥാപിക്കുന്നതിന് കർഷക ഗ്രൂപ്പുകൾക്ക് പരമാധി 80 ശതമാനം സമ്പത്തിക സഹായവും അനുവദിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് ജില്ലാ കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയവുമായോ, സ്ഥലത്തെ കൃഷിഭവനുമായോ ബന്ധപ്പെടുക. ഫോൺ: 9946202854, 9383471425, ഇ-വിലാസം: aeetsr.agri@kerala.gov.in.

## തൃശ്ശൂർ താലൂക്ക് വികസന സമിതി യോഗം ചേർന്നു

തൃശ്ശൂർ : തൃശ്ശൂർ താലൂക്ക് വികസന സമിതിയുടെ ജനുവരി മാസത്തെ യോഗം ചേർന്നു. തൃശ്ശൂർ താലൂക്ക് കോൺഫറൻസ് ഹാളിൽ ചേർന്ന യോഗത്തിൽ തൃശ്ശൂർ നഗരത്തിലെ ശങ്കരൻ റോഡ്, പടിഞ്ഞാറേക്കോട്ട, കെഎസ്ആർടിസി ബസ് സ്റ്റാൻഡ് പരിസരം എന്നിവിടങ്ങളിലെ ഗതാഗതക്കുരുക്ക് ഒഴിവാക്കുന്നതിനായി ട്രാഫിക് റെഗുലേറ്ററി അതോറിട്ടി യോഗത്തിൽ ചർച്ച ചെയ്യുന്നതിനായി തീരുമാനിച്ചു. ലഹരി വസ്തുക്കളുടെ ഉപയോഗം, വിൽപ്പന എന്നിവയ്ക്കെതിരെ എക്സൈസ് വകുപ്പിന്റെ പരിശോധന സജീവമാക്കുക, തൃശ്ശൂർ നഗരത്തിൽ അക്രമ സംഭവങ്ങൾ വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ പൊതുജനങ്ങളുടെ സുരക്ഷയ്ക്കായി ശക്തൻ സ്റ്റാൻഡിലെ ആകാശപാത, സബ്ബ് വേ, വടക്കേ സ്റ്റാൻഡിലെ മേൽപ്പാലം എന്നിവടങ്ങളിൽ സെക്യൂരിറ്റി ഗാർഡിനെ നിയമിക്കൽ, കോർപ്പറേഷന്റെ കീഴിൽ ഹോമിയോ ആശുപത്രി ആരംഭിക്കുക എന്നീ നിർദ്ദേശങ്ങൾ യോഗം മുന്നോട്ടു വെച്ചു. ജോൺസൺ കാഞ്ഞിരത്തിങ്കൽ, തൃശ്ശൂർ തഹസിൽദാർ ജയശ്രീ എന്നിവരും തൃശ്ശൂർ താലൂക്ക് പരിധിയിൽ വരുന്ന വിവിധ വിഷയങ്ങൾ ഉന്നയിച്ച് വിവിധ രാഷ്ട്രീയ കക്ഷി പ്രതിനിധികളും യോഗത്തിൽ സംസാരിച്ചു.

## ക്വട്ടേഷൻ ക്ഷണിച്ചു

തൃശൂർ: പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ തൃശൂർ റെസ്റ്റ് ഹൗസ് സമുച്ചയത്തിൽ പ്രവർത്തിച്ചുവരുന്ന കാന്റീൻ ഫെബ്രുവരി ഒന്നു മുതൽ രണ്ട് വർഷത്തേക്ക് പാട്ട വ്യവസ്ഥയിൽ ഏറ്റെടുത്തു നടത്താൻ ഈ മേഖലയിൽ മുൻപരിചയമുള്ള വ്യക്തികളിൽ നിന്നും ക്വട്ടേഷൻ ക്ഷണിച്ചു. രണ്ട് വർഷക്കാലത്തേക്കുള്ള പാട്ടത്തുക, മേൽവിലാസം, ഒപ്പ്, ഫോൺ നമ്പർ എന്നിവ രേഖപ്പെടുത്തിയ ക്വട്ടേഷനുകൾ ജനുവരി 20 ന് രാവിലെ 11 ന് മുമ്പായി എക്സിക്യൂട്ടീവ് എൻജിനീയർ, പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം, തൃശൂർ - 680 020 എന്ന വിലാസത്തിൽ ലഭിക്കണം. എല്ലാ ദിവസവും രാവിലെ 7 മുതൽ രാത്രി 8 വരെയാണ് കാന്റീന്റെ പ്രവർത്തനസമയം. ഫോൺ:0487 2333030.

## തൂങ്ങിമരിച്ചു

പുതുക്കാട് : കള്ളായി സ്വദേശി എടത്തുരുത്തിക്കാരൻ ജോസ് മകൻ റായ്ജോ (37) തൂങ്ങിമരിച്ചു. വരന്തരപ്പിള്ളി പോലീസ് മേൽനടപടികൾ സ്വീകരിച്ചു.

## പിണ്ടിതെളിയിക്കൽ മത്സരം നടത്തി



തൃശൂർ:യേശു ക്രിസ്തുവിനെ ജോർദാൻ നദിയിൽ, യോഹന്നാൻ സ്നാപകൻ ജ്ഞാന സ്നാനം നൽകിയതിന്റെ ഓർമ്മ പുതുക്കൽ, പ്രകാശം നൽകുന്ന പിണ്ടി തെളിയിക്കൽ ചടങ്ങ്, പറവട്ടാനി ചർച്ച് സ്കയർ മാർ അദ്ദായ് ശ്ലീഹ പള്ളിയിലെ മെൻസ് അസോസിയേഷൻ പിണ്ടി തെളിയിക്കൽ മത്സര നടത്തി. ഒന്നാംസ്ഥാനം ഔഗിൻ കുടുംബ ക്കൂട്ടായ്മ കാളത്തോട്, രണ്ടാംസ്ഥാനം ഏദൻ കുടുംബ ക്കൂട്ടായ്മ പറവട്ടാനി, മൂന്നാം സ്ഥാനം ആരോൺ കുടുംബ ക്കൂട്ടായ്മ മണ്ണുത്തി എന്നിവർക്ക് ലഭിച്ചു.

## ക്ഷേമനിധി കുടിശ്ശിക അടയ്ക്കാൻ അവസരം

തൃശൂർ: കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായ തൊഴിലാളികൾക്ക് നിബന്ധനകൾക്ക് വിധേയമായി അവസാന 3 വർഷകാലയളവ് വരെയുള്ള (കോവിഡ് കാലയളവ് ഒഴികെ) ക്ഷേമനിധി കുടിശ്ശിക ഒടുക്കുന്നിന് (9 ശതമാനം പലിശ ഉൾപ്പെടെ) 2025 മാർച്ച് 31 വരെ സമയപരിധി അനുവദിച്ചതായി ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അറിയിച്ചു. കൂടുതൽ വിവരങ്ങൾക്കായി ജില്ലാ ഓഫീസുമായി ബന്ധപ്പെടുക. ഫോൺ: 0487 2446545.

## എസ്.ആർ.സി. കമ്മ്യൂണിറ്റി കോളേജിൽ വിവിധ കോഴ്സുകളിലേക്ക് അപേക്ഷ ക്ഷണിച്ചു

തൃശൂർ: സ്റ്റേറ്റ് റിസോഴ്സ് സെന്ററിനു കീഴിൽ പ്രവർത്തിക്കുന്ന എസ്.ആർ.സി. കമ്മ്യൂണിറ്റി കോളേജ് ജനുവരി സെഷനിൽ ആരംഭിക്കുന്ന വിവിധ കോഴ്സുകളിലേക്ക് ഓൺലൈനായി അപേക്ഷിക്കുന്നതിനുള്ള തീയ്യതി ദീർഘിപ്പിച്ചു. ഡിപ്ലോമ ഇൻ ഹോസ്പിറ്റൽ മാനേജ്മെന്റ് പ്രോഗ്രാം, സർട്ടിഫിക്കറ്റ്/ഡിപ്ലോമ ഇൻ ട്രെയിനേഴ്സ് ട്രെയിനിംഗ് പ്രോഗ്രാം, ഡിപ്ലോമ ഇൻ ലൈറ്റ് മ്യൂസിക് പ്രോഗ്രാം എന്നീ കോഴ്സുകളിലേക്കാണ് അപേക്ഷ ക്ഷണിച്ചത്. പന്ത്രണ്ടാം ക്ലാസ്സാണ് വിദ്യാഭ്യാസ യോഗ്യത. ഒരു വർഷമാണ് പ്രോഗ്രാമിന്റെ കാലാവധി. https://app.srccc.in/register എന്ന ലിങ്കിലൂടെ ആപ്ലിക്കേഷൻ ഓൺലൈനായി സമർപ്പിക്കാം. അവസാന തിയ്യതി ജനുവരി 31. കൂടുതൽ വിവരങ്ങൾക്കായി www.srccc.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

## ലേലം

തൃശൂർ: തൃശൂർ താലൂക്ക് പുറനാട്ടുകര ഗ്രാമത്തിൽ മിച്ച ഭൂമിയായി ഏറ്റെടുത്ത റീ.സ -244/6 ൽപ്പെട്ട 0.7487 ഹെക്ടർ നിലം നെൽകൃഷിക്കായി ലേലം ചെയ്യുന്നു. ജനുവരി 10 ന് രാവിലെ 11 ന് പുറനാട്ടുകര വില്ലേജ് ഓഫീസിലാണ് പരസ്യ ലേലം. താത്പര്യമുള്ളവർക്ക് 6100 രൂപ നിരതദ്രവ്യം കെട്ടിവച്ച് ലേലത്തിൽ പങ്കെടുക്കാം.



വ്യത്യസ്ത മേഖലകളിൽ അസാധാരണ കഴിവ് പ്രകടിപ്പിക്കുന്ന കുട്ടികളെ പ്രോത്സാഹിപ്പിക്കുന്നതിനായി വനിതാ ശിശുവികസന വകുപ്പ് നൽകുന്ന ഉജ്ജ്വലബാല്യം പുരസ്കാരത്തിന് അർഹയായ ശ്രീപത്മത്തിൽ വി ബി സന്തോഷിന്റെയും വീനീതയുടെയും മകൾ മുക്കാട്ടുകര സെന്റ് ജോർജ്ജസ് യു പി സ്കൂളിലെ ആറാംക്ലാസ് വിദ്യാർത്ഥിനി വി എസ് പാർവ്വതിയെ തൃശൂർ ആദരണീയം സാംസ്കാരിക പൗരാവലി ആദരിച്ചപ്പോൾ

## തമിഴ്നാട്ടിൽ നിന്നും വില്പനക്കായി 210 കിലോ കഞ്ചാവ് കൊണ്ടുവന്ന കേസ്: 5 പ്രതികൾക്ക് 10 വർഷവും 3 മാസവും കഠിനതടവും ഒരു ലക്ഷത്തി അയ്യായിരം രൂപ പിഴയും ശിക്ഷ

തൃശൂർ: ലോറിയിലും കാറിലുമായി കഞ്ചാവ് അനധികൃതമായി കടത്തിയ കേസിൽ 1 മുതൽ 5 വരെ പ്രതികളായ അരണാട്ടുകര ലാലൂർ ദേശത്ത് ആലപ്പാട്ട് പൊന്തേക്കൻ ജോസ് (43), വിൽവട്ടം വില്ലേജ് മണ്ണുത്തി ദേശം വലിയവീട്ടിൽ സുധീഷ് (45), പഴയന്നൂർ വടക്കേത്തറ നന്നാട്ടുകളം മനീഷ് (26), മുളംകുന്നത്തുകാവ് കരുവാൻകാട് തേമണൽ രാജീവ് (45), തമിഴ്നാട് തേനി ജില്ലയിൽ ഉത്തമപാളയത്ത് 11/26നമ്പർ വീട്ടിൽ സുരേഷ് (38) എന്നിവരെ 10 വർഷവും 3 മാസവും കഠിനതടവിനും, ഒരു ലക്ഷത്തി അയ്യായിരം രൂപ പിഴയടക്കുന്നതിനും തൃശ്ശൂർ നാലാം അഡീഷണൽ ജില്ലാ ജഡ്ജി കെ.വി രജനീഷ് ശിക്ഷ വിധിച്ചു. പിഴയടക്കാത്തപക്ഷം 4 മാസം കൂടതലായി കഠിനതടവ് അനുഭവിക്കേണ്ടി വരും. കഞ്ചാവ് കടത്തിയ ലോറിയും, കാറും നിയമപ്രകാരം കണ്ടുകെട്ടുന്നതിനുള്ള നടപടികൾ സ്വീകരിക്കാനും വിധിയിൽ പറഞ്ഞിട്ടുണ്ട്.

2021 ജൂലൈ 24 ന് രാവിലെ 6.30നാണ് കേസിനാസ്പദമായ സംഭവം നടന്നത്. വാഹനത്തിൽ കഞ്ചാവ് കൊണ്ടുവരുന്നതായി രഹസ്യസന്ദേശം ലഭിച്ചതിനെത്തുടർന്ന് കൊരട്ടി സബ് ഇൻസ്പെകൂർ ആയ ഇ.എ. ഷാജുവും സംഘവും ചേർന്ന് കൊരട്ടി ഗവൺമെന്റ് പ്രസ്സിനു സമീപം വാഹന പരിശോധന നടത്തിക്കൊണ്ടിരിക്കുന്നതിനിടയിലാണ് ലോറിയുടെ പ്ലാറ്റ് ഫോമിൽ 15 പായ്ക്കറ്റുകളിലായി ചാക്കുകളിൽ സൂക്ഷിച്ചു വെച്ച കഞ്ചാവ് കണ്ടെടുത്തത്. ഏകദേശം 210 കിലോഗ്രാം കഞ്ചാവ് വാഹനങ്ങളിൽ നിന്നും പിടിച്ചെടുക്കുകയുണ്ടായി. തുടർന്ന് കൊരട്ടി എസ്.എച്ച്.ഒ ബി.കെ. അരുൺ എൻഡിപിഎസ് ആക്ട് പ്രകാരം പ്രതികൾക്കെതിരെ കേസ് രജിസ്റ്റർ ചെയ്യുകയായിരുന്നു. കേസ് വിസ്താര സമയം പ്രോസിക്യൂഷൻ ഭാഗത്തെ നടപടികൾ ഏകോപിപ്പിച്ചത് സീനിയർ സിവിൽ പോലീസ് ഓഫീസർ ബിനോജ് ഗോപിയാണ്.

വിശാഖപട്ടണത്തിൽ നിന്നും കോഴിത്തീറ്റ കൊണ്ടുവരുന്നതിനാണ് ജോസ് ലോറി ഓടിച്ചിരുന്നത്. പോകുന്ന വഴി കോയമ്പത്തൂർ നിന്ന് ബെഡുകൾ എടുത്ത് വിശാഖപട്ടണത്തേക്കും കൊണ്ടുപോകാറുള്ളതാണ്. അതിനിടയിൽ തമിഴ്നാട്ടിൽ നിന്നുള്ള മഹേഷ് എന്നയാളെ പരിചയപ്പെടുകയും ലോഡിറക്കി തിരിച്ചുവരുമ്പോൾ കേരളത്തിലേക്ക് കഞ്ചാവ് കൊണ്ടുവരികയാണെങ്കിൽ ഒന്നര ലക്ഷം രൂപ പ്രതിഫലം മഹേഷ് വാഗ്ദാനം ചെയ്തതിനെ തുടർന്നാണ് കഞ്ചാവ് കടത്തുന്നതിൽ ജോസും, കൂട്ടുപ്രതികളും ഉൾപ്പെട്ടത്. കേരളത്തിലെ വിവിധ സ്ഥലങ്ങളിൽ വില്പനക്കായി എത്തിച്ചുകൊടുക്കുന്നതിനാണ് കഞ്ചാവ് കൊണ്ടുവന്നിരുന്നത്.

അതിനിടയിൽ വാഹനത്തിന്റെ എഞ്ചിൻ കേടായതിനെത്തുടർന്ന് സ്ക്രാപ്പ് കടയിൽ നിന്നും വാങ്ങിയ പഴയ എഞ്ചിൻ അനധികൃതമായി ഫിറ്റ് ചെയ്താണ് ലോറി ഓടിച്ചിരുന്നത്. ആയതും പോലീസ് കണ്ടുപിടിക്കുകയുണ്ടായി. കേസിൽ പ്രോസിക്യൂഷൻ ഭാഗത്തു നിന്നും 11 തൊണ്ടിമുതലുകളും, 76 രേഖകളും ഹാജരാക്കുകയും, 26 സാക്ഷികളെ വിസ്തരിക്കുകയും ചെയ്തിരുന്നു.

യുവതലമുറയെ നശിപ്പിക്കുന്ന മാരകമയക്കുമരുന്ന്, പണം മോഹിച്ച് വില്പനക്കായി കൊണ്ടുവരുന്ന പ്രതികൾ യാതൊരു കാരണവശാലും ദയയർഹിക്കുന്നില്ലെന്നും നിയമം അനുശാസിക്കുന്ന പരമാവധി ശിക്ഷ പ്രതികൾക്ക് നൽകണമെന്നുമുള്ള കേസിൽ പ്രോസിക്യൂഷനു വേണ്ടി ഹാജരായ അഡീഷണൽ പബ്ലിക്ക് പ്രോസിക്യൂട്ടർ സോളി ജോസഫിന്റെയും, എൻഡിപിഎസ് സ്പെഷൽ പബ്ലിക്ക് പ്രോസിക്യൂട്ടർ എം. കെ. ഗിരീഷ് മോഹന്റെയും വാദങ്ങൾ പരിഗണിച്ചാണ് കോടതി ഇപ്രകാരം ശിക്ഷ വിധിച്ചത്.

## നിര്യാതയായി

### തങ്കമ്മ



ഇരിങ്ങാലക്കുട: സി.പി.ഐ (എം) കിഴുത്താനി ലോക്കൽ കമ്മറ്റി സെക്രട്ടറി ടി.പ്രസാദിന്റെ മാതാവ് തത്തംപ്പിള്ളി തങ്കമ്മ (86) നിര്യാതയായി. ഭർത്താവ് പരേതനായ പരമേശ്വരൻ നായർ മക്കൾ -പ്രസാദ്, പരേതനായ സേതുമാധവൻ. മരുമക്കൾ -ഉഷ, ബിന്ദു.

## കോടതി പരസ്യം

### ബഹു. തൃശൂർ രണ്ടാം അഡീഷ്ണൽ സബ്ബ് കോടതി മുമ്പാകെ

OS: 437/2024

IA: 2/2024

ജയശ്രീ രാമചന്ദ്രൻ Represented by മുക്ത്യാർ ക്കാരൻ രാമചന്ദ്രൻ

-ഹരജിക്കാരി/അന്യായം

തൃശൂർ താലൂക്ക് നടത്തറ വില്ലേജ് പൂച്ചട്ടി ദേശത്ത്, പുതുശ്ശേരിമന പശുപതി ഭാര്യ ഗീത പശുപതി

-എതൃകക്ഷി/2-ാം പ്രതി

മേൽനമ്പ്രിൽ എതൃകക്ഷിക്കുള്ള നോട്ടീസ് വാസസ്ഥലത്തും കോടതിയിലും പതിച്ചുനടത്താൻ ഉത്തരവായി മേൽ നമ്പർ കേസ് **13-01-2025** തിയ്യതിക്ക് വെച്ചിട്ടുള്ളതും ഇക്കാര്യത്തിൽ ആക്ഷേപമുണ്ടെങ്കിൽ അന്നേദിവസം കാലത്ത് 11 മണിക്ക് ബഹു. കോടതിയിൽ ഹാജരായി ബോധിപ്പിക്കേണ്ടതാണെന്നും ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

എന്ന്, 08-01-2025

എതൃകക്ഷിഭാഗം അഡ്വക്കെറ്റ്

**കെ ഡി ബാബു** (ഒപ്പ്)

## കോടതി പരസ്യം

### ബഹു. ഇരിങ്ങാലക്കുട അഡീഷ്ണൽ മുൻസിഫ് കോടതി മുമ്പാകെ

OS: 490/2024

പുഞ്ചിരി നിധി ലിമിറ്റഡ്

-വാദി

മുകുന്ദപുരം താലൂക്ക് പൂമംഗലം വില്ലേജ് എടക്കുളം ദേശത്ത് കോമ്പാത്ത് പാറൻകുട്ടി മകൻ ജഗദീഷ്

-1-ാം പ്രതി

മേൽനമ്പ്ര് കേസിൽ 1-ാം പ്രതിക്കുള്ള സമൻസ് കോടതിയിലും വാസസ്ഥലത്തും പതിച്ചുനടത്തുവാൻ കല്പിച്ച് കേസ് **11-02-2025** തിയ്യതിക്ക് വിചാരണക്ക് വെച്ചിരിക്കുന്നു. ടി കാര്യത്തിൽ എന്തെങ്കിലും ആക്ഷേപം ഉണ്ടെങ്കിൽ അന്നേദിവസം കാലത്ത് 11 മണിക്ക് നിങ്ങളോ അധികാരപ്പെടുത്തിയ അഡ്വക്കെറ്റ് മുഖാന്തിരമോ കോടതി മുമ്പാകെ ഹാജരായി ബോധിപ്പിക്കേണ്ടതാണെന്നും അല്ലാത്തപക്ഷം നിങ്ങളെ കൂടാതെ കേസ് തീർപ്പ് കല്പിക്കുന്നതാണെന്നും ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

എന്ന്, 09-01-2025

വാദിഭാഗം അഡ്വക്കെറ്റ്

**ടി കെ മധു** (ഒപ്പ്)

## കോടതി പരസ്യം

### ബഹു. കൊടുങ്ങല്ലൂർ മുൻസിഫ് കോടതി മുമ്പാകെ

OS: 903/2000

കൊടുങ്ങല്ലൂർ താലൂക്ക് കയ്പമംഗലം വില്ലേജ് കൂരികുഴി ദേശത്ത് അരയങ്ങാട്ടിൽ രാമൻ മകൻ 60 വയസ് മത്സ്യ ബന്ധനം കുട്ടൻ

-ഹരജിക്കാരൻ/വാദി

2) കൊടുങ്ങല്ലൂർ താലൂക്ക് കയ്പമംഗലം വില്ലേജ് കൂരികുഴി ദേശത്ത് കിഴക്കേടത്ത് പീതാംബരൻ മകൻ ഷിനോജ്

3) കൊടുങ്ങല്ലൂർ താലൂക്ക് കയ്പമംഗലം വില്ലേജ് കിഴക്കേടത്ത് പീതാംബരൻ മകൻ ദിനേശ്

4) കൊടുങ്ങല്ലൂർ താലൂക്ക് എടത്തിരുത്തി വില്ലേജ് ചാമക്കാല ദേശത്ത് കിഴക്കേടത്ത് പീതാംബരൻ മകൻ സനിൽകുമാർ

-2, 3, 4 എതിർകക്ഷികൾ/4, 5, 6 പ്രതികൾ

മേൽ നമ്പർ കേസിൽ പ്രതികൾക്കെതിരെ ശാശ്വത നിരോധനാജ്ഞക്കും മറ്റുമാണ് മേൽ നമ്പർ അന്യായം. എന്നാൽ മേൽ നമ്പർ അന്യായത്തിൽ 1 മുതൽ 8 കൂടി എതൃകക്ഷികളെ കക്ഷി ചേർക്കുന്നതിനും അതുപ്രകാരം അന്യായം തിരുത്തുന്നതിനും IA: 4/23. IA: 7/23 ഹരജികൾ ബോധിപ്പിച്ചിട്ടുണ്ട്. ടി ഹരജികളിലെ 2, 3, 4 എതൃകക്ഷികൾക്കുള്ള നോട്ടീസ് ഇതുവരെ നടന്നിട്ടില്ലാത്തതാകുന്നു. മേൽ നമ്പറിലെ 2, 3, 4 എതൃകക്ഷികൾക്കുള്ള നോട്ടീസ് എതൃകക്ഷികളുടെ വാസസ്ഥലത്തും കോർട്ടിലും പതിച്ചുനടത്താൻ ഉത്തരവായി കേസ് **22-01-2025** തിയ്യതിയിലേക്ക് വെച്ചിരിക്കുന്നു. അന്നേ ദിവസം രാവിലെ 11 മണിക്ക് 2, 3, 4 എതൃകക്ഷികൾ കോടതി മുമ്പാകെ ഹാജരായി തർക്കം ബോധിപ്പിക്കാത്തപക്ഷം ടി ഹരജികളിൽ 2, 3, 4 എതൃകക്ഷികൾ കൂടാതെ തീർപ്പാക്കുന്നതാണെന്നും ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

എന്ന്, 17-12-2024

ഹരജിക്കാരൻഭാഗം അഡ്വക്കെറ്റ്

**സുലാൽ കെ എസ്** (ഒപ്പ്)